# ഗവ: ഹയർ സെക്കണ്ടറി സ്കൂൾ പട്ടിക്കാട്

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025 - 26



# ഉള്ളടക്കം


| | |
|---|---|
| 1 | ആമുഖം |
| 2 | വിദ്യാലയ ചരിത്രം |
| 3 | വിദ്യാലയത്തെ കുറിച്ചുള്ള കാഴ്ചപ്പാട് |
| 4 | ലക്ഷ്യങ്ങൾ |
| 5 | മികവുകൾ |
| 6 | അക്കാദമിക മികവുകൾ |
| 7 | ഭൗതിക മികവുകൾ |
| 8 | പരിമിതികൾ |
| 9 | അക്കാദമിക പരിമിതികൾ |
| 10 | ഭൗതിക പരിമിതികൾ |
| 11 | പരിഹാര മാർഗങ്ങൾ / നിർദ്ദേശങ്ങൾ |
| 12 | മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ |
| 13 | യു.പി. അക്കാദമിക മാസ്റ്റർ പ്ലാൻ |
| 14 | ഹൈസ്കൂൾ അക്കാദമിക  മാസ്റ്റർ പ്ലാൻ |
| 15 | അക്കാദമിക കലണ്ടർ |
| 16 | ഉപസംഹാരം |

# ആമുഖം

മലപ്പുറം ജില്ലയിൽ പെരിന്തൽമണ്ണ താലൂക്കിലെ കീഴാറ്റൂർ ഗ്രാമപഞ്ചായത്തിലാണ് പട്ടിക്കാട് ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂൾ. പാഠ്യ-പാഠ്യേതര രംഗത്തെ ജില്ലയിൽ തന്നെ മാതൃകയായി നിലകൊള്ളുന്ന സ്കൂൾ ആണിത്. എല്ലാവർഷവും അഞ്ഞൂറിലധികം വിദ്യാർത്ഥികളെ പരീക്ഷക്കിരുത്തി എസ്. എസ്.എൽ.സിയിൽ വർഷങ്ങളായി ഉന്നത വിജയം നേടുന്നു. വിവിധ സ്കോളർഷിപ് പരീക്ഷകളിൽ പരിശീലനം നൽകാനും മികവാർന്ന വിജയം കൈവരിക്കാനും ഈ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിക രംഗത്തും കലാരംഗത്തും കായികരംഗത്തും ഒരുപോലെ മികവ് വർധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾപെടുത്തിയുള്ള വിദ്യാഭ്യാസം പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു. കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളിൽ ഫലപ്രദമായ കൗൺസിലിംഗ് നൽകി പഠനത്തിന് സാഹചര്യം ഒരുക്കുന്നു.

അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിംങ്ങും അതിനെ അനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകൾ ഉണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി

അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനു പി ടി എ യുടെ ഇടപെടലും പൂർവ വിദ്യാർഥികൾ, നാട്ടുകാർ, ജനപ്രതിനിധികൾ, ജില്ലാ പഞ്ചായത്ത് തുടങ്ങിയവരുടെ പൂർണമായ സഹകരണവും ഉറപ്പു വരുത്താൻ കഴിയുന്നു. കൂടാതെ ഹരിത ഭംഗിയാർന്ന ജൈവസമ്പന്നതയിൽ അലംകൃതമായ സ്കൂൾ ക്യാമ്പസ് ശിശു സൗഹൃദ പഠനാന്തരീക്ഷം എന്നിവ സ്കൂളിന്റെ മുഖമുദ്രയാണ്.

ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് സ്കൂളിന്റെ അക്കാദമിക നിലവാരത്തിലുള്ള പൊതുസമൂഹത്തിന്റെ അംഗീകാരമാണ്. ഇത് നിലനിർത്തിക്കൊണ്ട് മുന്നേറാനും കൂടുതൽ ഗുണപരമായ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താനുമാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. ഇതിലെ ഓരോ പ്രവർത്തനവും നടപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായത് എന്തോ അത് നല്കാനും നാളെയുടെ വാഗ്ദാനങ്ങൾ ആയി അവരെ മാറ്റാനും നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കട്ടെ....

# പട്ടിക്കാട് ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂളിന്റെ ചരിത്രം

ഏതാണ്ട് 105 കൊല്ലം മുൻപ് പട്ടിക്കാട് നിന്ന് രണ്ടര കിലോമീറ്റർ കിഴക്കുഭാഗത്തുള്ള കാര്യവട്ടം എന്ന സ്ഥലത്ത് കക്കാട്ടിൽ കുഞ്ഞാലൻ ഹാജി ഒരു ഓത്തുപള്ളിക്കൂടം ( മത പഠനശാല )നടത്തി വന്നിരുന്നു. അവിടെ മതപഠനത്തോടൊപ്പം മലയാളം എഴുതുവാനും വായിക്കുവാനും പഠിപ്പിച്ചിരുന്നതായി പറയുന്നു. ഇതിനെ തുടർന്ന് വള്ളുവനാട് താലൂക്ക് ബോർഡ് അവിടെ ഒരു വിദ്യാലയം എന്ന ആശയം മുന്നോട്ട് വച്ചു. ഇത് പിന്നീട് പട്ടിക്കാട്ടേക്ക് മാറ്റുകയായിരുന്നു. അങ്ങനെ പട്ടിക്കാട് എത്തിയ കുഞ്ഞാലൻ ഹാജി മൊല്ലയുടെ ഓത്തു പള്ളിക്കൂടം 1918 ഇൽ ആയിരങ്ങൾക്ക് അക്ഷര വെളിച്ചം ഏകിയ പട്ടിക്കാടിന്റെ പ്രഥമ കലാലയത്തിന്റെ തുടക്കം ആവുകയായിരുന്നു.

പ്രദേശവാസിയായ മേലേടത്ത് മനക്കൽ നമ്പൂതിരി രണ്ടര ഏക്കർ ഭൂമി സ്കൂളിനായി ദാനം ചെയ്തു. മലബാർ ഡിസ്ട്രിക്ട് ബോർഡ് ഒന്ന് മുതൽ അഞ്ചു വരെയുള്ള എലമെന്ററി സ്കൂളിനാണ് ആദ്യം തുടക്കം കുറിച്ചത്. ആവശ്യത്തിന് വിദ്യാർഥികളും അധ്യാപകരുമായി പൂർണതയിൽ എത്തിയ എലിമെന്ററി സ്കൂളിനെ ലോവർ പ്രൈമറി വിഭാഗം എന്നറിയപ്പെടാൻ തുടങ്ങി.

സ്വന്തമായി ഒരു കെട്ടിടം ഉണ്ടാകുന്നതിനു തുടക്കം കുറിച്ച് കൊണ്ട് സർക്കാർ സെക്കന്ററി സ്കൂൾ എന്ന പേരിൽ ഒരു ജനകീയ കമ്മിറ്റി രൂപം നൽകി. അങ്ങനെ 1962 ഒക്ടോബർ 20 ന് ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂൾ കമ്മിറ്റി ക്കു വേണ്ടി സെക്രട്ടറി ആയിരുന്ന പട്ടിക്കാട് കരോട്ട് മുഹമ്മദ് മാസ്റ്ററുടെ പേരിൽ പ്രദേശവാസിയായ കരാട്ട് തൊടി മുഹമ്മദിന്റെ മകളും പി വി മുഹമ്മദിന്റെ മാതാവുമായ പാത്തുമ്മ എന്നവർ 42 സെൻറ് സ്ഥലം സ്കൂളിനായി വിട്ട് നൽകി.

1956 മലബാർ ഡിസ്ട്രിക്ട് ബോർഡ് ഇതൊരു മിഡിൽ സ്കൂൾ ആക്കി മാറ്റുകയും ഹൈസ്കൂൾ ആക്കി മാറ്റാൻ 3600 രൂപ ആവശ്യപ്പെടുകയും ചെയ്തു. 1962 മെയ് 7 ഒരു വിജ്ഞാപനത്തിലൂടെ ഹൈസ്കൂൾ ആക്കി വിദ്യാലയം ഉയർത്തപ്പെടുകയും ചെയ്തു.

എലമെന്ററി എൽ പി സ്കൂൾ ആയി തുടങ്ങിയ കലാലയം 1952 ജൂണിൽ ഹൈസ്കൂൾ ആയി പ്രഖ്യാപിക്കപ്പെട്ടു.1965 ആദ്യ എസ്.എസ്.എൽ.സി ബാച്ച് 42 വിദ്യാർത്ഥികളുമായി ആരംഭിച്ചു.2004 ൽ ഹൈസ്കൂൾ ഹയർ സെക്കന്ററിയായി അപ്ഗ്രേഡ് ചെയ്തു.2018 പൂർത്തിയായപ്പോൾ 100 വർഷം തികച്ചു ഈ വിദ്യാലയം.

# വിദ്യാലയത്തെകുറിച്ചുള്ള കാഴ്ചപ്പാട്

1) അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം ലഭ്യമാക്കും

5 മുതൽ 10 വരെ ഉള്ള ഓരോ ക്ലാസ്സിലും കുട്ടി അതാത് കാലഘട്ടത്തിൽ നേടാവുന്ന പരമാവധി ധാരണകളും കഴിവുകളും നേടിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തും. എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഉണ്ടാകും. ഓരോ കുട്ടിയുടെയും കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കാനും ഉള്ള അവസരങ്ങൾ സൃഷ്ടിക്കും. മത്സരാധിഷ്ഠിത ലോകത്തിൽ അതിജീവിക്കുവാൻ ആവശ്യമായ ആത്മവിശ്വാസവും അറിവും പ്രാപ്തിയും ആർജ്ജിക്കുന്നതോടൊപ്പം മതനിരപേക്ഷത, ജനാതിപത്യ ബോധം, തുല്യത, സഹവർത്തിത്വം, സഹകരണം, അനുതാപം തുടങ്ങി ഒരു ജനാധിപത്യ സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് ആവശ്യമായ മൂല്യ ബോധങ്ങൾ ഉളവാക്കാൻ സഹായകമായ പഠനപ്രക്രിയയും പഠനാന്തരീക്ഷവും ഒരുക്കും. ഇതോടൊപ്പം പാരിസ്ഥിതിക അവബോധം, സാമൂഹിക അവബോധം, മാലിന്യ നിർമാർജ്ജന അവബോധം, ലിംഗബോധം, ശാസ്ത്രബോധം,

വിമർശനാവബോധം എന്നിവ ഉളവാക്കാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യും.

2) ക്യാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാടിൽ ക്യാമ്പസിനെ ജൈവവൈവിധ്യ ഉദ്യാനം ആക്കി മാറ്റും.

3) കൗൺസിലിംഗ് സൗകര്യം ലഭ്യമാക്കും

4)സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്നതിനു ആവശ്യമായ സാഹചര്യം ഒരുക്കും.

5) പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന ഉറപ്പാക്കും.

6) ലഹരി വിരുദ്ധ മനോഭാവം വളർത്തിയെടുക്കും.

7)പ്ലാസ്റ്റിക് മുക്ത ക്യാമ്പസ് യാഥാർഥ്യമാക്കും.

8) ക്ലാസ് മുറികൾ ഹൈ ടെക് ആക്കും

9)സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തും.

10) വൃത്തിയുള്ള ക്ലാസ് മുറികളും ക്യാമ്പസും ഒരുക്കും

11) പെൺകുട്ടികളുടെ പദവിയും അവസര തുല്യതയും ഉറപ്പു വരുത്തും

12) പ്രത്യേക പരിഗണനന അർഹിക്കുന്നവരോട് അനുകൂല സമീപനം ഉറപ്പാക്കും

13) രക്ഷിതാക്കളുടെ അക്കാദമിക പിന്തുണ ഉറപ്പാക്കും

14) ആധുനിക സാങ്കേതിക വിദ്യകളുടെ ഉപയോഗം ഉറപ്പു വരുത്തും.

# ലക്ഷ്യങ്ങൾ

1.ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠന പ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുക

2.വിദ്യാലയത്തിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക

3.കുട്ടികൾക്ക് ക്ലാസ് റൂം പ്രവർത്തനങ്ങൾക്ക് പുറമേ കലാ-കായിക- പ്രവർത്തിപരിചയ പഠന പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുക

4.വിദ്യാലയത്തിലെ പഠന പിന്തുണാ സംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ, തുടങ്ങിയവ എല്ലാ കുട്ടികൾക്കും ഒരു പോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുക

5.ഓരോ അധ്യാപകനും ആധുനിക സാങ്കേതിക വിദ്യയുടെ കൂടി സഹായത്താൽ നിരന്തര അറിവുകൾ പുനർ നിർമിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു കൊണ്ട് നടപ്പാക്കുകയും ചെയ്യുക

6.കുട്ടികൾ തമ്മിലും കുട്ടികളും അധ്യാപകരുമായുള്ള ഊഷ്മളമായ ബന്ധങ്ങൾ ഉറപ്പാക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക

**7.**പാർശ്വവൽകരിക്കപ്പെട്ടവരും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികൾക്ക് അക്കാദമിക ഗുണ നിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്തു കൊണ്ട് നടപ്പിൽ വരുത്തുക

**8.**സ്കൂൾ പഠനം പൂർത്തിയാക്കുന്ന ഏതൊരു കുട്ടിയും മലയാളം , ഇംഗ്ലീഷ് ,ഹിന്ദി എന്നീ ഭാഷകളിൽ അനായാസം ആശയ വിനിമയം ചെയ്യാനുള്ള കഴിവ് നേടിയെന്ന് ഉറപ്പു വരുത്തുക

**9.**കുട്ടികളിൽ ശാസ്ത്ര ബോധം, യുക്തി ചിന്ത, പൗരബോധം, രാഷ്ട്ര ബോധം, സമത്വബോധം, ജനാധിപത്യ ബോധം എന്നിവ ഊട്ടിയുറപ്പിക്കാൻ പര്യാപ്തമായ വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കുക

**10.**ഓരോ കുട്ടിയും അതാത് ക്ലാസുകളിൽ കൈവരിക്കേണ്ട പഠന ലക്ഷ്യങ്ങൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തുക

**11.**എല്ലാ ക്ലാസ് മുറികളും ശിശു സൗഹൃദപരവും സാങ്കേതിക സൗഹൃദപരവുമാണെന്ന് ഉറപ്പു വരുത്തുക

**12.**കുട്ടികളിൽ ലഹരി വിരുദ്ധ മനോഭാവം , ശുചിത്വ ബോധം, മാനവികത, പാരിസ്ഥിതിക അവബോധം, പരസ്പര സ്നേഹം, സൗഹാർദം എന്നീ മനോഭാവങ്ങൾ ഊട്ടിയുറപ്പിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുക

13.ഭിന്നശേഷിക്കാരായ കുട്ടികളെയും പ്രത്യേക പരിഗണനന അർഹിക്കുന്ന കുട്ടികളെയും സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുപ്പിക്കുക

14.ലിംഗ സമത്വവും സമഭാവനയും വളർത്തുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കുക

15.വിദ്യാലയ കാലത്തു തന്നെ കുട്ടിയുടെ തൊഴിൽ പരമായ അഭിരുചികൾ തിരിച്ചറിഞ്ഞ് അതിന് അനുഗുണമായ രീതിയിൽ അവരെ പ്രാപ്തരാക്കുക

# അക്കാദമിക മികവുകൾ

- എസ്.എസ്.എൽ.സി പരീക്ഷയിൽ 509 ൽ 507 കുട്ടികളെയും വിജയിപ്പിക്കാനായി . 48 കുട്ടികൾ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡോടെ വിജയിച്ചു.

- 3 കുട്ടികൾ എൻ.എം.എം.എസ് പരീക്ഷയിൽ സ്കോളർഷിപ്പിന് അർഹത നേടി.

- 13 കുട്ടികൾ യു.എസ്.എസ്. പരീക്ഷയിൽ സ്കോളർഷിപ്പിന് അർഹത നേടി.

- ഉപജില്ലാ കലോത്സവത്തിൽ ജനറൽ വിഭാഗത്തിൽ ഓവറോൾ നേടി. മറ്റു വിഭാഗങ്ങളിലും മികവു പുലർത്തി.

- 2024 - 25 കായിക മേളയിൽ മികച്ച പ്രകടനം കാഴ്ചവച്ചു.

- അക്കാദമിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകി വരുന്നു

- ശാസ്ത്രോത്സവത്തിൽ ഉപജില്ലാ തലത്തിലും ജില്ലാ തലത്തിലും മികച്ച പ്രകടനം കാഴ്ചവച്ചു

- എസ്.പി .സി ,ജെ.ആർ.സി., ഗൈഡ്സ് എന്നീ സന്നദ്ധ സംഘടനകളിലൂടെ പഠനത്തോടൊപ്പം സേവന മനോഭാവം കുട്ടികളിൽ വളർത്താൻ കഴിയുന്നു

- ഇൻസ്പെയർ അവാർഡ്, വൈ.ഐ.പി തുടങ്ങിയവയിലേക്ക് കുട്ടികൾക്ക് പ്രോൽസാഹനം നൽകി വരുന്നു

# അക്കാദമിക പരിമിതികൾ

- ഓരോ ക്ലാസ്സിൽ നിന്നും കുട്ടികൾ നേടുന്ന ശേഷികൾ കൈവരിക്കുന്നതിൽ എല്ലാ കുട്ടികളും ഒരേ നിലവാരത്തിൽ അല്ല.
- അടിസ്ഥാന ശേഷികൾ ആയ ഭാഷ ( എഴുത്ത്, വായന ) ഗണിതം ( ചതുഷ് ക്രിയകൾ ) എന്നിവയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾ ഉണ്ട്
- മുഴുവൻ ക്ലാസ്സുകളും സാങ്കേതിക സൗഹൃദം ആക്കുന്നതിൽ പൂർണ്ണമായും വിജയിക്കാൻ സാധിച്ചിട്ടില്ല
- ലാബ്, ലൈബ്രറി എന്നിവയുടെ അഭാവം

# ഭൗതിക സൗകര്യങ്ങൾ

- ഹൈടെക് ക്ലാസ്സ് മുറികൾ
- മികച്ച ഗ്രന്ഥ ശാല- പതിനായിരത്തിലേറെ പുസ്തകങ്ങൾ ഉള്ള ലൈബ്രറി
- വിശാലമായ സ്കൂൾ ഗ്രൗണ്ട്
- ബ്രോഡ് ബാൻഡ് ഇന്റർനെറ്റ് സൗകര്യങ്ങളോട് കൂടിയ വിശാലമായ കമ്പ്യൂട്ടർ ലാബ്
- സൗകര്യപ്രദമായ ഓപ്പൺ ഓഡിറ്റോറിയം
- യാത്ര സൗകര്യത്തിനായി 2 സ്കൂൾ ബസുകൾ
- സയൻസ് ലാബ്
- മനോഹരമായ പൂന്തോട്ടം
- കുട്ടികളുടെ കണ്ണിന കുളിർമയേകുന്ന മിയാവാക്കി

- ശുദ്ധമായ കിണർ വെള്ളം ( ശുദ്ധജല വിതരണ സംവിധാനം )

- കുട്ടികളുടെ മാനസിക ഉല്ലാസത്തിനായി ഇരിപ്പിടങ്ങൾ

- നക്ഷത്ര വനം

- വിഭവ സമൃദ്ധമായ ഉച്ചഭക്ഷണം

# ഭൗതിക പരിമിതികൾ

- രണ്ടായിരത്തോളം കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയത്തിന് ആവശ്യമായ ക്ലാസ് മുറികൾ ഇല്ല
- എല്ലാ ക്ലാസ് മുറികളിലും ഐ.സി.ടി സൗകര്യം ലഭ്യമല്ല
- ലൈബ്രറിയിൽ പുസ്തകങ്ങൾ അടുക്കി വെയ്ക്കാൻ മതിയായ സൗകര്യമില്ല
- ആധുനിക രീതിയിലുള്ള ശുചി മുറികൾ ഇല്ല
- സയൻസ്, സോഷ്യൽ സയൻസ് , ഗണിത ലാബുകൾക്ക് കെട്ടിടങ്ങൾ ഇല്ല
- ഭാഷാ പഠനത്തിനും സ്കൂൾ കോ-ഓപ്പറേറ്റീവ് സ്റ്റോർ പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ കെട്ടിട സൗകര്യമില്ല

- എസ്.പി.സി, ജെ.ആർ.സി., ഗൈഡ്സ് യൂണിറ്റുകളിലെ കുട്ടികളുടെ യൂണിഫോം മറ്റ് സാധന സാമഗ്രികൾ എന്നിവ സൂക്ഷിക്കാൻ പ്രത്യേക റൂമുകൾ ഇല്ല

- കായിക പരിശീലനത്തിന് സൗകര്യങ്ങൾ ഇല്ല

# പരിഹാര മാർഗങ്ങൾ / നിർദ്ദേശങ്ങൾ

- ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ ആവശ്യമായ കെട്ടിടങ്ങൾ ഉടൻ നിർമ്മിക്കുക.
- KITE മായി ബന്ധപ്പെട്ട് അവശേഷിക്കുന്ന ക്ലാസ് മുറികൾക്ക് കൂടി ഐ.സി.ടി. സൗകര്യങ്ങൾ ഒരുക്കുക.
- ആധുനിക രീതിയിലുള്ള ടോയ് ലറ്റ് സൗകര്യങ്ങൾ ഒരുക്കുക.
- സയൻസ് ലാബ്, ഭാഷ പഠനത്തിനുള്ള റൂം, എസ്.പി .സി ,ജെ.ആർ.സി. റൂം എന്നിവ നിർമ്മിക്കുക.
- ലൈബ്രറിക്ക് വിശാലമായ കെട്ടിടം നിർമ്മിക്കുക.
- കായിക പരിശീലനത്തിന് സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

# അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## വികസന ലക്ഷ്യങ്ങൾ

- ഭാഷാശേഷി വികസനം
- ഗണിത ശേഷി വികസനം
- ഇംഗ്ലീഷ് പഠനം അനായാസമാക്കൽ
- വായനശേഷി വർധിപ്പിക്കൽ
- ലബോറട്ടറി നവീകരണം
- ലൈബ്രറി ശാക്തീകരണം
- ജൈവവൈവിധ്യ പാർക്ക് ഒരുക്കൽ
- സ്കോളർഷിപ്പ്പരീക്ഷ പരിശീലനം
- പഠന യാത്രകൾ
- സ്കൂൾ പത്രം, മാസിക
- പച്ചക്കറിത്തോട്ടം
- ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ
- ഐ. ടി പഠനം കാര്യക്ഷമമാക്കൽ
- കായികശേഷി വികസനം
- ജന്മദിന പുസ്തകം
- ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യ ശാസ്ത്ര, ഐ ടി പ്രവർത്തി പരിചയ മേളകൾ
- ക്ലാസ്സ് പി ടി എ കാര്യക്ഷമമാക്കൽ

## യു.പി.വിഭാഗം

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

വിഷയം : **English UP**

| objective | Activity | Duration | Responcibility | Finance |
|---|---|---|---|---|
| Develop a sense of wonder and curiosity towards english language | Spell Bee Contest : A competition to check the spelling capacity | June | English club | 150 |
| To develop the pronunciation skill | I too can :Read a passage in different ways- | July, august | | NIL |
| to develop the writing skill | Alert Zone : prepare and paste posters, notices etc. in class rooms | June to Feb ruary | English teacher s | 200 |
| To enhance the sentence framing capacity | Picture Description : Provides various picture cards and let the students talk about it | Septem ber | English club | NIL |
| To comprehend and understand instructions and act accordingly | Follow me if you can :Giving instructions in English and let the learners to follow the instructions | Octo ber | English club | NIL |
| To improve communicati | One man show : provide the learners chances to act / enact a | Novem ber - | English teacher | NIL |

| | | | | |
|---|---|---|---|---|
| on skill. To enhance vocabulary | story | Decem ber | s | |
| To prepare riddles, to engage in language activities, to read, write and enjoy poems | **Fun Time**<br>**1)**Give opportunities to make and present riddles, jokes etc.<br>**2)**Add more lines to poems<br>**3)** play audio songs<br>**4)**add more lines to the poem.<br>**5)** let the learners sing with the audio song | june to Feb ruary | English teacher s, | |

**അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26**

**വിഷയം : ഹിന്ദി യു പി വിഭാഗം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം/ ഭൗതികം |
|---|---|---|---|---|
| 5,6,7 ക്ലാസ്സുകളിൽ അക്ഷരബോധം ഉറപ്പിക്കൽ<br><br>അഞ്ചാം തരത്തിനു പുതിയ ഭാഷ, അക്ഷരങ്ങൾ പരിചയപ്പെടാനും അക്ഷരബോധം ഉണ്ടാകുന്നതിനും | ആറാം തരത്തിനു മുന്നേ പഠിച്ചത് ഉറപ്പിക്കാൻ ഏഴാം തരത്തിനു ഭാഷയെ കൂടുതൽ അറിയാൻ ഉള്ള ശ്രമം<br>1)അഞ്ചാം ക്ലാസ്സിലെ കുട്ടികൾക്ക് പേര്, സ്കൂൾ, വിലാസം ഉൾപെടുത്തിയ നെയിം കാർഡ് ( ഹിന്ദി പഠനത്തിന് )<br>2)പുതിയ പദങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കുക<br>3) ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് ഉപയോഗിച്ച് അക്ഷരമാല പരിചയപ്പെടുത്തൽ<br>4) പാഠ്യേതര പ്രവർത്തനത്തിലൂടെ പുതിയ കഥകളും ചെറുകവിതകളിലൂടെ ഭാഷയെ പരിചയപ്പെടുത്തുകയും പുതിയ വാക്കുകൾ, വാക്യങ്ങൾ പരിചയപ്പെടുത്തുന്നു | ജൂൺ മുതൽ | ഹിന്ദി അധ്യാപിക | |
| ഹിന്ദി ക്ലബ്ബ് രൂപീകരണം, | തുടർപ്രവർത്തനങ്ങൾ<br>1) സ്കൂൾ തുറക്കുന്ന ആഴ്ചയിൽ തന്നെ ക്ലബ്ബ് രൂപീകരിക്കുന്നു<br>2) ക്ലബ്ബ് പ്രവർത്തന പദ്ധതി തയ്യാറാക്കുന്നു<br>3) ക്ലബ്ബിന്റെ നേതൃത്വത്തിൽ ഓരോ ക്ലാസ്സിലും ഹിന്ദി പ്രദർശന ബോർഡ് തയ്യാറാക്കി വയ്ക്കുന്നു | ജൂൺ മുതൽ | ഹിന്ദി അധ്യാപിക/ ക്ലബ്ബ് അംഗങ്ങൾ | |

| | | | | |
|---|---|---|---|---|
| | 4) "ഹഫ്ത്തെ കാ ശബ്ദ് " പദ്ധതി ക്ലബ്ബ് അംഗങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കുക | | | |
| ഹിന്ദി വായന തെറ്റ് കൂടാതെ വായിക്കാനുള്ള ശ്രമം | a)നിരന്തരം കഥകളും പുസ്തകങ്ങളും വായിച്ചു കേൾപ്പിച്ച് വായനയിലേക്ക് ആകർഷിക്കുക<br>b)ഗ്രൂപ്പുകളായി തിരിച്ച് വായിക്കാനുള്ള പരിശീലനം നൽകുക<br>c)വായനയിലേക്ക് എത്തിക്കാൻ ചെറുകഥകൾ ഉള്ള പുസ്തകങ്ങൾ ലൈബ്രറി യിൽ നിന്ന് പരിചയപ്പെടുത്തുക | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക ഹിന്ദി ക്ലബ്ബ് അംഗങ്ങൾ | |
| ഹിന്ദി സംസാരം :- ഹിന്ദിയിൽ സംസാരിക്കാൻ ഉള്ള കഴിവുണ്ടാക്കി എടുക്കുക. നിത്യജീവിതത്തിൽ ആവശ്യം വരുന്ന കാര്യങ്ങൾ ഹിന്ദിയിൽ സംസാരിക്കാനും മനസ്സിലാക്കാനും ഉള്ള കഴിവ് വികസിപ്പിക്കുക.- | 1) ക്ലാസുകൾ കഴിവതും ഹിന്ദിയിൽ നടത്തികൊണ്ടുപോവും<br>2) ഹിന്ദി അന്തരീക്ഷം ക്ലാസ്സിൽ ഉറപ്പിക്കും<br>3) ചെറിയ ചെറിയ കാര്യങ്ങൾ പോലും ഹിന്ദിയിൽ ആവശ്യപ്പെടാൻ കുട്ടിയെ പ്രാപ്തനാക്കും | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അദ്ധ്യാപിക | |
| നിരന്തര മൂല്യ നിർണ്ണയത്തി | 1) അധ്യാപിക നിരന്തര മൂല്യ നിർണ്ണയത്തിന കൂടുതൽ ശ്രദ്ധ | ജൂൺ മുതൽ | ഹിന്ദി അധ്യാ | |

| | | | | |
|---|---|---|---|---|
| ലൂടെ പഠന പുരോഗതി വിലയിരുത്തി തുടർപ്രവർത്തനങ്ങളുടെ ആസൂത്രണം | നൽകി ഓരോ കുട്ടിയുടെയും പഠന പുരോഗതി വിലയിരുത്തി പഠന മികവ്, നേട്ടം എന്നിവ ഉറപ്പു വരുത്തുന്നു<br>2)പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അവരുടെ പിന്നോക്കാവസ്ഥ പരിഗണിച്ചു പഠന പാഠ്യേതര പ്രവർത്തനങ്ങൾ കളികളിലൂടെ ആകർഷകമായും അവതരിപ്പിച്ചു അവരെ ഭാഷയിലേക്ക് എത്തിക്കാനുള്ള പരിശ്രമം ചെയ്യുന്നു | ഫെബ്രുവരി വരെ | പിക | |
| ദിനാചരണങ്ങൾ | ഹിന്ദിയുമായി ബന്ധപ്പെട്ട് നടക്കുന്ന ദിനാചരണങ്ങൾ ഹിന്ദി ക്ലബ്ബുമായി യോജിപ്പിച്ചു സ്കൂളിൽ നടത്തുന്നു | ജൂൺ മുതൽ | ഹിന്ദി അദ്ധ്യാപിക / ക്ലബ്ബ് അംഗങ്ങൾ | |
| ഹിന്ദി കലോത്സവം | 1) ഹിന്ദി വാരാഘോഷസമയത്തും ഹിന്ദി ദിനാചരണങ്ങളുടെ സമയത്തും ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. അതിനായി കുട്ടികളുടെ മികച്ച പങ്കാളിത്തം ഉറപ്പു വരുത്തുന്നു<br>2) കലോത്സവത്തിന്റെ ഭാഗമായി പാഠ ഭാഗങ്ങൾ വിവിധയിനം രൂപങ്ങളിൽ ( നാടകം, സ്കിറ്റ് , റോൾപ്ലേ, കൊറിയോഗ്രാഫി ) അവതരിപ്പിക്കുന്നതിനു എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പു വരുത്തുന്നു | സെപ്റ്റംബർ മുതൽ | ഹിന്ദി അദ്ധ്യാപിക / ഹിന്ദി ക്ലബ്ബ് | |

**അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26**

**വിഷയം : മലയാളം - യു പി വിഭാഗം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **നിർവഹണ ചുമതല** | **സാമ്പത്തികം/ ഭൗതികം** |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | **1)** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ ( കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു<br>**2)** അക്ഷരങ്ങൾ, പദങ്ങൾ എന്നിവ ആവർത്തിച്ചു വരുന്ന വരികൾ കണ്ടെത്തൽ, അവതരിപ്പിക്കൽ<br>**3)**വാക്കുകളുടെയും വരികളുടെയും ഇടയിലേക്ക് അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ - ഓഗസ്റ്റ് | മലയാളം അധ്യാപകർ | |
| അർത്ഥപൂർണ്ണമായ വായന ഉറപ്പു വരുത്തുക | **1)** പത്രം, മാസികകൾ തുടങ്ങിയവ വായിക്കുക. പ്രതികരണശേഷി ഉണർത്തുക<br>**2)** ലൈബ്രറി പുസ്തകങ്ങളുടെ വായന, വായനാകുറിപ്പ് തയ്യാറാക്കൽ<br>**3)** ക്ലാസ്സ് തലത്തിൽ വായന മത്സരം സംഘടിപ്പിക്കൽ<br>**4)** അതാത് മാസത്തെ പ്രധാന സംഭവങ്ങൾ | മാസത്തിൽ ഒരു പ്രാവശ്യം<br><br>എല്ലാ ദിവസവും | മലയാളം ക്ലബ്ബ്<br><br>മലയാളം അധ്യാപകർ, രക്ഷിതാക്കൾ | |

| | | | | |
|---|---|---|---|---|
| | ഉൾപ്പെടുത്തി ക്വിസ്സ് മത്സരം നടത്തുന്നു | | | |
| സാഹിത്യ കൃതികളോടും സാഹിത്യകാര ന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | **1)** സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരൻമാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണങ്ങളും സംവാദങ്ങളും<br>**2)** ശില്പശാലകൾ<br>**3)** ഫീൽഡ് ട്രിപ്പുകൾ | വർഷത്തി ൽ രണ്ടോ മൂന്നോ തവണ | ഹെഡ് മാസ്റ്റർ, മല യാളം അധ്യാ പകർ | പി ടി എ |
| പഠിതാക്കളുടെ കലാവാസനക ളെ പരിപോഷിപ്പി ക്കൽ | **1)**പാഠ ഭാഗങ്ങളുമായി ബന്ധപ്പെട്ട നാടകങ്ങൾ, ചൊൽക്കാഴ്ചകൾ തുടങ്ങിയവ അവതരിപ്പിക്കൽ<br><br>**2)** കലാകാരന്മാരെ പങ്കെടുപ്പിച്ച് ശില്പ ശാലകൾ<br>**3)** കുട്ടികളുടെ സർഗ്ഗാൽമകരചനകൾ ഉൾക്കൊള്ളിച്ച് മാഗസിനുകൾ തയ്യാറാക്കൽ | അക്കാദമി ക വർഷം<br><br>വർഷാവ സാനം | പി ടി എ,സ്കൂ ൾ | പി ടി എ |

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

**വിഷയം : അറബിക്  -യു.പി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം / ഭൗതികം |
|---|---|---|---|---|
| അറബി പഠിക്കാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തുക | മുന്നറിവ് പരിശോധന, വാചക നിർമാണം, ഭാഷാ കളികൾ | ജൂൺ ,ജൂലൈ | അറബിക് ക്ലബ്ബ് | പി.ടി.എ |
| കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷ പഠനനേട്ടങ്ങൾ എല്ലാവരിലും ഉറപ്പ് വരുത്തുക | ക്ലാസ് ലൈബ്രറി, ന്യൂസ് കേൾക്കൽ, അറബി പത്രങ്ങൾ | ഓഗസ്റ്റ്, സെപ്തംബർ | അറബിക് ക്ലബ്ബ് | പി.ടി.എ |
| വിദ്യാഭ്യാസ മൂല്യങ്ങളും മനോഭാവങ്ങളും പഠന പ്രക്രിയയിലും ഉറപ്പ് വരുത്തുക | ചുമർ പത്രങ്ങൾ, ഭാഷാ കളികൾ, കലോത്സവം, | ഒക്ടോബർ, നവംബർ | അറബിക് ക്ലബ്ബ് | പി.ടി.എ |
| ഭാഷാ പഠനത്തിലൂടെ ഐ.ടി. ഉപയോഗവും അറിയുക | ഭാഷാ ക്യാമ്പ് | ജനവരി , ഫെബ്രുവരി | അറബിക് ക്ലബ്ബ് | പി.ടി.എ |

**അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26**

**വിഷയം : ഗണിതം - യു പി വിഭാഗം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം/ ഭൗതികം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും | ഗണിത ശിൽപ ശാല : കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു ( നമ്പർ കാർഡ്, മഞ്ചാടി കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ് എന്നിവ ഉപയോഗിക്കുന്നു ) | ജൂൺ | ഗണിത അധ്യാപകർ | |
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | | | | |
| ഗണിതം മധുരമാക്കൽ | | | | |
| ഗണിതമേഖലയിൽ കുട്ടികളുടെ താല്പര്യം വർധിപ്പിക്കൽ | ഒറിഗാമി ശിൽപ ശാല :- ജപ്പാനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | പ്രദർശനം സംഘടിപ്പിക്കൽ | | | |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി ഉപയോഗപ്പെടുത്ത ുന്നു | 1)വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ, ലാബിൽ വച്ച് ഗണിത ക്ലാസ്സ് നടത്തൽ<br>**2) ഗണിത പാർക്ക് :-** ജ്യാമീതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ് പി ടി എ |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തി ക്കുന്നു | | | | |
| വിവിധ ശേഷികളുടെ വികസനം - ഐ ടി സാധ്യത കളിലൂടെ : | 1) ജ്യാമീതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ ടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊ ണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു<br>2) ഗണിത ക്ലിനിക് ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് | ആഴ്ചയിൽ ഒരു പീരിയഡ് | ഗണിത അധ്യാപ കർ,<br>സമർ ത്ഥരായ വിദ്യാർഥി കൾ എ സ്. ആർ.ജി യിൽ | എ സ്. ആ ർ. ജി. |

| | | | | |
|---|---|---|---|---|
| | വേണ്ട മാർഗ്ഗ നിർദേശങ്ങളും നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു **3)** ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ | ആവശ്യാനുസരണം | രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | |

**അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26**

വിഷയം : **സംസ്കൃതം (U P & H S)**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **നിർവഹണ ചുമതല** | **സാമ്പത്തികം/ ഭൗതികം** |
|---|---|---|---|---|
| പ്രകൃതി ചിത്രണം | പ്രകൃതിയെ വരയ്ക്കൽ | 05/06/24 | സംസ്കൃത സമിതി | വിദ്യാലയ വികസന സമിതി |
| വാചനം സംസ്കൃതം | ക്ലാസ്സ്തല വായനാമത്സരം, സ്കൂൾതല വായന മത്സരം | 19/06/2024 | സംസ്കൃത സമിതി | |
| സുഖദം വ്യായാമം | യോഗ പരിശീലനക്ലാസ്സ് | ജൂലൈ ആദ്യവാരം | സംസ്കൃത സമിതി | |
| രാമായണ പാരായണ പരിശീലനക്ലാസ്സ് | | 18/07/2024 to 11/08/2024 | സംസ്കൃത സമിതി | |
| സംസ്കൃത ദിനാചരണം | സംസ്കൃതസഭ,<br>വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ,<br>സംസ്കൃത ചലച്ചിത്ര പ്രദർശനം,<br>കയ്യെഴുത്ത് മാസിക പ്രകാശനം | 14/08/2024 to 08/09/24 | സംസ്കൃത സമിതി | |

| | | | | |
|---|---|---|---|---|
| സംഭാഷണ ശിബിരം | സംസ്കൃത സംഭാഷണ പരിശീലന ക്യാമ്പ് | ഡിസംബർ | സംസ്കൃത സമിതി | |
| ക്രീഡാ സംസ്കൃതം | സംസ്കൃത പഠനത്തിന് ഉതകുന്ന കളികൾ | 1 വർഷം | സംസ്കൃത സമിതി | |
| സംഗീത സഭ | സംസ്കൃത ഗാന പരിശീലനം | രണ്ടാഴ്ചയിൽ | സംസ്കൃത സമിതി | |

**അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26**

**വിഷയം : സയൻസ് യു പി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം / ഭൗതികം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | a)ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം. ഔഷധ സസ്യങ്ങൾ, പച്ചക്കറി ത്തോട്ടം, കുളം, ജൈവവേലി, ഇരിപ്പിടങ്ങൾ എന്നിവ ഉൾപ്പെടുത്താം<br>b) ജൈവ വൈവിധ്യ രജിസ്റ്റർ നിർമാണം ശാസ്ത്രക്ലബ്<br>c) ഫീൽഡ് ട്രിപ്പ് : കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്ര, പൂന്തോട്ടം,പാർക്ക് സന്ദർശനം | ജൂലൈ,ആഗസ്റ്റ്<br><br>ജൂൺ മുതൽ അക്കാദമിക വർഷം | ശാസ്ത്ര ക്ലബ് | |
| ജിജ്ഞാസ, ശാസ്ത്രാഭിരുചി, നിരീക്ഷണ പാടവം എന്നിവ വളർത്തുക - | a) ശാസ്ത്ര ശിൽപ ശാലകൾ സംഘടിപ്പിക്കുക, അഭിമുഖം, സെമിനാർ, പഠനോപകരണ നിർമ്മാണം<br>b)ക്ലാസ്സ് തല ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസികകൾ, ശാസ്ത്ര പുസ്തകങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ലൈബ്രറി തയ്യാറാക്കാം<br>c) പരിസ്ഥിതി ദിനവുമായി | അക്കാദമിക വർഷം, ജനവരി | ക്ലാസ്സ് ടീച്ചേർസ്, ശാസ്ത്രാധ്യാപകർ, ശാസ്ത്ര ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| | ബന്ധപ്പെട്ട് ക്വിസ്സ് മത്സരം, പോസ്റ്റർ പ്രദർശനം, പരിസ്ഥിതി സംരക്ഷണ ബോധവൽക്കരണസെമിനാർ എന്നിവ സംഘടിപ്പിക്കുക | | | |
| ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ശാസ്ത്രോപകര ണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | a) പരീക്ഷണ കളരി : നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങൾ നടത്താൻ അവസരം നൽകുന്നു<br>b) ശാസ്ത്ര പരീക്ഷണക്കുറിപ്പ് ശേഖരം<br>c) പരീക്ഷണ കിറ്റ് നിർമ്മാണം d) പ്രൊജക്റ്റ് റിപ്പോർട്ട് അവതരണം :വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട് പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കുന്നു.<br><br>e)ശാസ്ത്ര വിസ്മയ ചുമർ ദിനാചരണങ്ങളുമായി ബന്ധപ്പെടുത്തിയും ശാസ്ത്ര കൗതുക വാർത്തകൾ ശേഖരിച്ചും ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസ്സ് റൂമിലും നിർമ്മിക്കുന്നു | അക്കാദമിക വർഷം ജൂലൈ-സെപ്റ്റംബർ<br><br>അക്കാദമിക വർഷം | ക്ലാസ്സ് ടീച്ചർ, ശാസ്ത്രാ ധ്യാ പിക, ശാസ്ത്ര ക്ലബ്<br><br>ക്ലാസ്സ് ടീച്ചർ, ശാസ്ത്രാ ധ്യാ പിക, ശാസ്ത്ര ക്ലബ് | |
| ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ, ആധുനിക ശാസ്ത്ര സാങ്കേതിക | **വിസ്മയ യാത്ര**<br>**a)**ഐ സി ടി യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്കെത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, | അക്കാദമിക വർഷം | ശാസ്ത്രാ ധ്യാപി ക, ശാസ്ത്ര club | |

| | | | | |
|---|---|---|---|---|
| വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക | ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ, പാഠ ഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം<br>b) സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു | ഫെബ്രുവരി | ശാസ്ത്രാധ്യാപിക, ശാസ്ത്ര ക്ലബ് | |
| കൗമാര വിദ്യാഭ്യാസം | ആരോഗ്യപ്രവർത്തകർ, അധ്യാപകർ എന്നിവരുടെ സേവനം ഉൾപ്പെടുത്തി വ്യക്തിശുചിത്വം, പരിസര ശുചിത്വം എന്നിവ വളർത്താനുള്ള ബോധവൽക്കരണക്ലാസുകൾ സംഘടിപ്പിക്കുക. | ജൂലൈ | ശാസ്ത്ര ക്ലബ് | |
| സൈബർ കുറ്റകൃത്യങ്ങളെ കുറിച്ചുള്ള അറിവ് നൽകൽ | ഇന്റർനെറ്റ്, സോഷ്യൽ മീഡിയ എന്നിവയുടെ ദുരുപയോഗങ്ങളെ കുറിച്ചും സൈബർ കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷയെക്കുറിച്ചും അവബോധമുണ്ടാക്കുന്നതിനു സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ബോധവൽക്കരണം നടത്തുക. നോട്ടീസ് ,ലഘുലേഖകൾ എന്നിവ ഉപയോഗിക്കാം. | | ശാസ്ത്ര ക്ലബ് | |

**അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26**

**വിഷയം : സാമൂഹ്യ ശാസ്ത്രം -യു പി വിഭാഗം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം / ഭൗതികം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാന തല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട അടിസ്ഥാന അറിവുകൾ പരീക്ഷിക്കുന്നതിന് ചോദ്യോത്തര പയറ്റ്, ക്ലാസ്സ്‌തല ക്വിസ്സ് മത്സരങ്ങൾ, പസിലുകൾ ഇവ നൽകുന്നു | ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | 200 |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | വിദ്യാർഥികൾ, ഗ്രാമസഭ, വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീ തിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു. ജനാധിപത്യ രീതിയിൽ തെരഞ്ഞെടുപ്പ് നടത്തുന്നു. തെരഞ്ഞെടുക്കപ്പെട്ടവരുടെ നേതൃത്വത്തിൽ സ്കൂൾ പാർലമെന്റ് ചേരുന്നു | ജൂലൈ, ഓഗസ്റ്റ് | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | 500 |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | സംസ്ഥാന തലത്തിലും ദേശീയ തലത്തിലും ഉള്ള ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ ചിത്രങ്ങൾ | | | |

| | | | | |
|---|---|---|---|---|
| | ശേഖരിച്ച് ഓരോ ആഴ്ചയിലും ബുള്ളറ്റിൻ ബോർഡിൽ പ്രദർശിപ്പിക്കുന്നു. | | | |
| സുസ്ഥിര വികസന കാഴ്ചപ്പാട് രൂപീകരിക്കുന്നു | പരിസ്ഥിതി നാശ ത്തിനു വിധേയമാവുന്ന കാവുകൾ, കണ്ടൽകാടുകൾ, തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ എന്നിവ സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നു | നവംബ ർ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | 100 |
| ഓരോ ക്ലാസ്സിലേയും കരിക്കുലം വിഭാവനം ചെയ്യുന്ന ശേഷികൾ കൈവരിക്കുക | പാഠാനുബന്ധ പ്രവർത്തനങ്ങൾ സമയബന്ധിതമായി തീർക്കുന്നു. ഭൂപട വായനക്ക് പ്രാധാന്യം നൽകുന്ന അറ്റ് ലസ് നിർമ്മാണം വ്യക്തിഗതമായി നടത്തുന്നു. കേരളം, ഇന്ത്യ -രാഷ്ട്രീയ ഭൂപടങ്ങൾ ക്ലാസ്സ് തലത്തിൽ നിർമ്മിക്കുന്നു | അക്കാദ മിക വർഷം | സാമൂഹ്യശാ സ്ത്ര അധ്യാപകർ | 300 |
| ദിനാചരണങ്ങ ൾ പഠന പ്രവർത്തനങ്ങളു ടെ ഭാഗമായി ഒരുക്കുന്നു | ഓരോ മാസത്തിലും ചെയ്യുന്ന ദിനാചരണങ്ങൾ സബ്ജക്റ്റ് കൗൺസിലിൽ തീരുമാനിച്ച് നിർദേശങ്ങൾ നൽകുന്നു. പതിപ്പ് നിർമ്മാണം, മാസാന്ത്യക്വിസ്സ് മത്സരം, ചുമർ പത്രിക, പ്ലകാർഡ് നിർമ്മാണം ഇവ നടത്തുന്നു | ഓരോ മാസ ത്തിലും | SS ക്ലബ് | 500 |

## H S വിഭാഗം

### അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

**Subject: ENGLISH (HS)**

| Sl No | Problem | Reason | Solution |
|---|---|---|---|
| 1 | Most of the students are not able to speak fluently in English. | Lack of poor training in the previous classes | Role plays based on lessons from the course book ,thought for the day presentations in the class ,enacting of real life situations in the class etc...are to be conducted |
| 2 | Even the fluent speakers lack public speaking skill | Lack of Opportunity/stage fright. | Exposure to public speaking session, work shop on public speaking , speech competition, English assembly etc....must be conducted. |
| 3 | Some students find it difficult to read properly | Lack of individual attention from teachers in previous classes/Lack of care from the part of students. | Peer groups with an excellent reader in each group can be formed .Special training sessions during lunch break must be arranged. Parents should be made aware of it and they must be advised to give special care for such students at home. |
| 4 | Poor writing skill and spelling errors | Lack of proper training in the previous classes/influence of mother tongue /impact of mobile phone text | Dictation ,word card presentation, A word a day ,spelling competition, handwriting competitions, etc. can be conducted |

| | | | |
|---|---|---|---|
| | | messaging | |

**അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26**

**വിഷയം : മലയാളം (HS)**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം/ ഭൗതികം |
|---|---|---|---|---|
| കുട്ടിയെ മികച്ച വായനക്കാരനാക്കുക | ക്ലാസ്സ് വായനാ ക്കൂട്ടം രൂപീകരിക്കൽ, വായനാമൂല, ക്ലാസ്സ് ലൈബ്രറി രൂപീകരിക്കൽ, സ്കൂൾ ലൈബ്രറി നവീകരിക്കൽ, പത്രവായന, അമ്മവായന, പുസ്തക ചർച്ച, വായനാനുഭവം പങ്കുവെക്കൽ, വായനാകുറിപ്പ് പതിപ്പ്, ലൈബ്രറി പുസ്തകങ്ങളുടെ പ്രകാശനം, ആസ്വാദന കുറിപ്പ്, ദിനാചരണങ്ങൾ, ഇ - വായന, ഇൻലൻഡ് മാഗസിൻ - ചുമർ പത്രിക | 6 മാസം | | |
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ | കഥയരങ്ങ് /കവിയരങ്ങ് /രചനാരങ്ങ് / ശില്പ ശാല എന്നിവ സംഘടിപ്പിക്കൽ (മാസത്തിൽ ഒരു പ്രാവശ്യം )രൂപപ്പെടുന്ന ഉൽപ്പന്നങ്ങൾ ഒന്ന് അച്ചടിച്ചു പ്രസിദ്ധീകരിക്കൽ. പഠന സാമഗ്രികളായി ഉത്പന്നങ്ങളെ ഉപയോഗിക്കൽ | രണ്ട് മാസത്തിൽ ഒരു പ്രാവശ്യം | | |
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവ് നേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിൽ എത്തിക്കൽ അവരുടെ വായന / എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവെക്കൽ, പ്രസിദ്ധീകരിക്കൽ | വർഷത്തിൽ 2 പ്രാവശ്യം | | |
| സിനിമ എന്ന | സിനിമാ പ്രദർശനം / സിനിമാ | വർഷ | | |

| | | | | |
|---|---|---|---|---|
| കലാരൂപത്തെ അടുത്തറിയാനും അതിന്റെ സാങ്കേതികത മനസ്സിലാക്കാനും വേണ്ടി ഫിലിം ഫെസ്റ്റു വൽ സംഘടിപ്പിക്കുന്നു | മേഖലയിൽ പ്രവർത്തിക്കുന്നവരുമായി അഭിമുഖത്തിന് അവസരം ഒരുക്കൽ | ത്തിൽ രണ്ട് തവണ | | |
| നാടകം എന്ന കലാരൂപത്തിന്റെ പ്രാധാന്യം മനസ്സിലാക്കാനും അതിൽ കുട്ടികൾക്ക് താൽപര്യം ജനിപ്പിക്കാനും വേണ്ടി നാടകശില്പശാല സംഘടിപ്പിക്കുന്നു. | നാടക കലാകാരൻമാരുമായി അഭിമുഖം / നാടക കളരി | വർഷ ത്തിൽ രണ്ട് തവണ | | |
| നാടൻ കലകൾ , ക്ലാസ്സിക് കലകൾ, അനുഷ്ഠാനകലകൾ എന്നിവ അടുത്തറിയാനും മനസ്സിലാക്കാനും കുട്ടികളിൽ ഇത്തരം കലകളോട് അഭിരുചി വളർത്താനും വേണ്ടി പ്രദർശനവും ശില്പശാലയും | പ്രദർശനം / ശില്പശാലകൾ സംഘടിപ്പിക്കുന്നു. കലാകാരൻമാരുമായി അഭിമുഖം സംഘടിപ്പിക്കുന്നു / ഇത്തരം കലകൾ അറിയുന്ന കുട്ടികൾക്ക് അത് അവതരിപ്പിക്കാൻ അവസരം ഒരുക്കുന്നു | വർഷ ത്തിൽ മൂന്ന് തവണ | | |

| | | | | |
|---|---|---|---|---|
| സംഘടിപ്പിക്കുന്നു. | | | | |

**അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26**

**വിഷയം : അറബിക് (HS )**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം / ഭൗതികം |
|---|---|---|---|---|
| യു.എൻ. അംഗീകൃത ഭാഷയായ അറബിക്, വിദ്യാർത്ഥികൾക്ക് അനായാസം മനസ്സിലാക്കാൻ സഹായിക്കുക | അറബി ഭാഷ സംസാരിക്കുന്ന രാജ്യങ്ങളുടെ പട്ടിക തയ്യാറാക്കുക | ജൂൺ ജൂലൈ , ഓഗസ്റ്റ് | സഹാദ്ധ്യാപകർ, | |
| ശ്രവണം | ധാരാളം കേൾക്കാൻ അവസരമുണ്ടാക്കുക.സ ംഭാഷണങ്ങൾ പ്രസംഗങ്ങൾ എന്നിവ കേൾപ്പിക്കുക. കഥ, കവിത എന്നിവ കേൾപ്പിക്കുക | ജൂലൈ , ഓഗസ്റ്റ് | സഹാദ്ധ്യാപകർ, | |
| ഭാഷണം | കേൾപ്പിച്ച ഭാഗങ്ങളിൽ നിന്നും ഇടക്കിടക്ക് ചോദ്യങ്ങൾ ചോദിക്കുക, സംഭാഷണം നടത്താൻ ആവശ്യപ്പെടുക | സെപ്റ്റംബർ, ഒക്ടോബർ | ക്ലബ്ബ് കൺവീനർ, പൂർവ്വ വിദ്യാർഥികൾ | |
| **വായന**<br><br>വായന പ്രോത്സാഹിപ്പി | ലൈബ്രറി ശാക്തീകരണം, അറബിക് ബുക്ക്കളുടെ ലഭ്യത | നവംബർ ഡിസംബർ | സ്കൂൾ ലൈബ്രറി, പുസ്തകങ്ങൾ, അറബി | ബി ആർ സി |

| | | | | |
|---|---|---|---|---|
| ക്കുക, വായനാശീലം വളർത്തുക | ഉറപ്പു വരുത്തുക, വായനാമൂല പുനർജീവിപ്പിക്കുക, കൂടുതൽ വായിക്കുന്നവർക്ക് സമ്മാനം, ക്വിസ്സ് പ്രോഗ്രാം തയ്യാറാക്കുക | | പത്രങ്ങൾ അറബി ബാലമാസികകൾ | |
| **എഴുത്ത്**<br><br>എഴുതാൻ പ്രേരണ, കഴിവ് വളർത്തുക | കയ്യെഴുത്ത് മാസികകൾ, ചുമർ പത്രിക എന്നിവ പുറത്തിറക്കുക, മത്സരം ക്ലാസ്സ് ,ഡിവിഷൻ തമ്മിൽ നടത്തുക | നവംബർ ഡിസംബർ | ലൈബ്രേറിയൻ, സഹാധ്യാപകർ | ബി ആർ, സി, പൂർവ്വ വിദ്യാർഥികൾ |
| **അറിവിൻ തിളക്കം**<br><br>അറിവ് വർധിപ്പിക്കുക | അറബിയിൽ അറിവ് വർധിപ്പിക്കാൻ അറബി നോൺഡീറ്റൈൽഡ് പുസ്തകങ്ങൾ, പത്രങ്ങൾ, മാസികകൾ എന്നിവ ലഭ്യമാക്കുക. മാസാന്ത്യ ക്വിസ്സ് നടത്തുക. ചോദ്യങ്ങൾ പ്രദർശിപ്പിച്ച് ഉത്തരങ്ങൾ നിശ്ചിത പെട്ടിയിൽ നിക്ഷേപിക്കുക. സമ്മാനം നൽക്കുക. | ജൂൺ മുതൽ എല്ലാ മാസവും ഒരിക്കൽ | വിദ്യാർഥികൾ, സഹാദ്ധ്യാപകർ | |
| **പ്രതിഭകളെ കണ്ടെത്തുക** | മത്സരങ്ങൾ നടത്തുക, ( കലയും സാഹിത്യവും )<br><br>അറബിക് സാഹിത്യോത്സവത്തിലേക്ക് എല്ലാ വിഷയങ്ങളിലും പ്രതിഭകളെ | ഡിസംബർ | വിദ്യാർഥികൾ, അധ്യാപകർ | കമ്പ്യൂട്ടർ, സി ഡി, പ്രൊജക്ടർ |

| | | | | |
|---|---|---|---|---|
| | കണ്ടെത്തുക | | | |
| **ദിനാചരണം**<br><br>ദിനാചരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നു | അറബിക് ഡേ, പരിസ്ഥിതി ദിനം, സ്വാതന്ത്ര്യദിനം പോലെയുള്ള ദിനങ്ങളിൽ പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുക, പോസ്റ്റർ, ക്വിസ്സ് മത്സരങ്ങൾ, സാഹിത്യ സമാജം എന്നിവ നടത്തുക | ജൂൺ മുതൽ ഫെബ്രുവരി വരെ | | പോസ്റ്റർ, ഡോക്യുമെന്ററി, ഫിലിം, യൂട്യൂബ് |
| ആസ്വാദനം | ഐ.ടി സാധ്യതകൾ പ്രയോജനപ്പെടുത്തി കഥ, കവിത, അനിമേഷൻ എന്നിവ പ്രദർശിപ്പിക്കുക | ഓഗസ്റ്റ്, സെപ്റ്റംബർ | | കമ്പ്യൂട്ടർ, യൂട്യൂബ് |
| **അറബിക് ഫെസ്റ്റ്**<br><br>ഭാഷയെ കൂടുതൽ അറിയുക | അറബിക് എക്സിബിഷൻ, അറബിക് ഫെസ്റ്റ്, സാഹിത്യ സമാജം, അറബിക് പ്രാർത്ഥന,ഗാനം മുതലായവ തയ്യാറാക്കുക | ഒക്ടോബർ, ഡിസംബർ | സഹാധ്യാപകർ, വിദ്യാർത്ഥികൾ | |

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

**വിഷയം : ഹിന്ദി (HS)**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം/ ഭൗതികം |
|---|---|---|---|---|
| ഹിന്ദിയിൽ എഴുതുവാനും വായിക്കുവാനുമുള്ള നിപുണത വർദ്ധിപ്പിക്കുക. | **1.**ഹിന്ദി ക്ലബ് രൂപീകരിക്കുന്നു.<br>**2.**ക്ലബ്ബിന്റെ നേതൃത്വത്തിൽ ക്ലാസ് തല വായനാ ഗ്രൂപ്പുകൾ രൂപീകരിക്കുന്നു.<br>**3.**നിരന്തര വായന,അധികവായന എന്നിവ പ്രോത്സാഹിപ്പിക്കുന്നു.<br>**4.** വർക്ക് ഷീറ്റുകൾ നൽകുന്നു.<br>**5.**കുറിപ്പുകൾ സംഭാഷണം, തിരക്കഥ,പദ നിഘണ്ടു,കത്ത്,ഡയറി എന്നിവ തയ്യാറാക്കാൻ പരിശീലിപ്പിക്കുകയും,തയ്യാറാക്കിപ്പിക്കുകയും ചെയ്യുന്നു.<br><br>ദിനാചരണം<br>പ്രേംചന്ദ് ജയന്തിയോടനുബന്ധിച്ച് സെമിനാർ,പുസ്തകപരിചയം,പോസ്റ്റർ നിർമ്മാണം എന്നിവ | ജൂൺ മുതൽ മാർച്ച് വരെ | ഹിന്ദി വിഭാഗം അധ്യാപകർ, രക്ഷാകർത്താക്കൾ | 1000/ |

| | | | | |
|---|---|---|---|---|
| | സംഘടിപ്പിക്കുന്നു<br><br>ഹിന്ദി ക്ലബ്ബിന്റെ നേതൃത്വത്തിൽ ക്വിസ് മത്സരം സംഘടിപ്പിക്കുന്നു | | | |
| വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ ഹിന്ദി പഠനം ലളിതവും,രസകരവും, ആകർഷകവും ആക്കി മാറ്റുക.<br><br>കുട്ടികളിലെ കലാസാഹിത്യ വാസനകളെ പ്രോത്സാഹിപ്പിക്കാൻ ഹിന്ദി ഭാഷയെ ഒരു മാധ്യമം ആക്കുക | ഐസിടിയുടെ സഹായത്തോടെ സുരീലി ഹിന്ദി കവിതകൾ,കഥകൾ എന്നിവ ക്ലാസ് തലത്തിൽ പരിചയപ്പെടുത്തുകയും അത് ആസ്വദിക്കാനും അവതരിപ്പിക്കാനും ഉള്ള അവസരങ്ങൾ നൽകുകയുംചെയ്യുന്നു.<br><br>ക്ലബ്ബിന്റെ നേതൃത്വത്തിൽ ഡോക്യുമെന്ററി പ്രദർശനം സംഘടിപ്പിക്കുന്നു<br><br>പുസ്തകത്തിലെ വിവിധ പാഠഭാഗങ്ങളുടെ ദൃശ്യാവിഷ്കാരം, നൃത്താവിഷ്കാരം, നാടകീകരണം എന്നിവ ക്ലാസ്സ് തലത്തിൽ ചെയ്യിക്കുന്നു<br><br>**ദിനാചരണം**<br>ഹിന്ദി ദിനത്തോടനുബന്ധിച്ച് ഹിന്ദി ക്ലബ്ബിന്റെ നേതൃത്വത്തിൽ | ആഗസ്റ്റ് മുതൽ ഒക്ടോബർ വരെ | ഹിന്ദി വിഭാഗം അധ്യാപകർ ,<br><br>SRG | 2000/- |

| | | | | |
|---|---|---|---|---|
| | കഥാരചന, കവിതാരചന,പ്രസംഗ മത്സരം, കാവ്യ സദസ്സ് എന്നിവ സംഘടിപ്പിക്കുന്നു. തുടർന്ന് കലോത്സവത്തിന് പങ്കെടുപ്പിക്കേണ്ട ഹിന്ദി ഓഫ് സ്റ്റേജ് ഐറ്റം കുട്ടികളെ തെരഞ്ഞെടുക്കുന്നു. | | | |
| ഹിന്ദിയിൽ ആത്മവിശ്വാസത്തോടെ സംസാരിക്കുവാനുള്ള ശേഷി വളർത്തിയെടുക്ക ◌ുക. | 1.ഹിന്ദി ക്ലബ്ബിന്റെ നേതൃത്വത്തിൽ സുരീലീവാണി എഫ് എം റേഡിയോ ആരംഭിക്കുന്നു.<br>2.തുടർന്നുള്ള എല്ലാ ആഴ്ചയിലും ഹിന്ദി അസംബ്ലി സംഘടിപ്പിക്കുന്നു.<br><br>**ദിനാചരണം**<br>ജനവരി 10 ലോക ഹിന്ദി ദിനത്തോടനുബന്ധിച്ച് "മാറുന്ന ലോകത്ത് ഹിന്ദി ഭാഷയുടെ മഹത്വം" എന്ന വിഷയത്തിൽ ഹിന്ദി ക്ലബ്ബിന്റെ നേതൃത്വത്തിൽ പ്രസംഗ മത്സരം സംഘടിപ്പിക്കുന്നു<br><br>റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് ഹിന്ദി ദേശഭക്തിഗാനമത്സരം സംഘടിപ്പിക്കുന്നു | നവംബർ മുതൽ ജനവരി വരെ | ഹിന്ദി വിഭാഗം അധ്യാപകർ, ഹിന്ദി ക്ലബ് ഭാരവാഹികൾ | 500/- |

| | | | | |
|---|---|---|---|---|
| ഹിന്ദി ഭാഷയിൽ സർഗാത്മക രചനകൾ വികസിപ്പിക്കാനുള്ള അവസരം നൽകുക. | ഹിന്ദി ക്ലബ്ബിന്റെ നേതൃത്വത്തിൽ കുട്ടികളുടെ വിവിധ സാഹിത്യ സൃഷ്ടികൾ ശേഖരിച്ച് സുരീലി ഹിന്ദി കൈയെഴുത്ത് മാസിക പ്രസിദ്ധീകരിക്കുന്നു. | ഫെബ്രുവരി മുതൽ മാർച്ച് വരെ | ഹിന്ദി വിഭാഗം അധ്യാപകർ, ഹിന്ദി ക്ലബ് ഭാരവാഹികൾ | 1000/- |

**അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26**

**വിഷയം : സോഷ്യൽ സയൻസ് (HS)**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം/ ഭൗതികം |
|---|---|---|---|---|
| **സാമൂഹിക ശാസ്ത്ര ക്ലബ്ബ്**<br>സാമൂഹിക ശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുക | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യ ശാസ്ത്ര ലാബ് ക്രമീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | SS ക്ലബ്ബ് , SRG | |
| **ഡിബേറ്റ് ക്ലബ്ബ്**<br>ആനുകാലിക വിഷയങ്ങളെ കുറിച്ച് | സമകാലിക പ്രസക്തിയുള്ള സാമൂഹിക ശാസ്ത്ര വിഷയങ്ങളെ ക്കുറിച്ച് സംവാദം, സെമിനാർ, | മാസത്തിൽ ഒന്ന് വീതം | SS ക്ലബ്ബ് , SRG | |

| | | | | |
|---|---|---|---|---|
| സംവാദം നടത്തി നിഗമനങ്ങൾ രൂപീകരിക്കുക | ഡിബേറ്റ്, പാനൽ ചർച്ച, പ്രഭാഷണം തുടങ്ങിയവ സംഘടിപ്പിക്കൽ | | | |
| **ചരിത്ര കലണ്ടർ**<br>ചരിത്ര ബോധം വളർത്തിയെടുക്കൽ | 12 വലിയ ചാർട്ട് പേപ്പറുകളിൽ ജനവരി മുതൽ ഡിസംബർ വരെയുള്ള 12 മാസങ്ങൾ മുഴുവൻ തിയ്യതികളും എഴുതി കലണ്ടർ രൂപത്തിൽ തയ്യാറാക്കുക. ചരിത്രവുമായി ബന്ധപ്പെട്ടവാർത്തകൾ ദിവസവും ഒട്ടിക്കുക. ഒരു വർഷം കഴിയുമ്പോൾ ചാർട്ട് റെഡി ആക്കുക | പ്രതിദിനം | SS ക്ലബ്ബ്, SRG | |
| **സാമൂഹ്യ ശാസ്ത്ര ലൈബ്രറി കോർണർ**<br><br>സാമൂഹ്യ ശാസ്ത്രത്തിന്റെ വിശാലതയെ അറിയാൻ | അധികവായനക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ് ലസുകൾ, ഇയർ ബുക്കുകൾ എന്നിവ ക്രമീകരിച്ച് സാമൂഹ്യ ശാസ്ത്ര വായനാ കോർണർ ഒരുക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | SS ക്ലബ്ബ്, SRG | |
| **മോക്ക് പാർലമെന്റ്**<br><br>ജനാധിപത്യമൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടന പത്രിക പ്രചാരണം, മീറ്റ് ദി കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ, വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ | 5 എണ്ണം<br>1- കാലവർഷ സമ്മേളനം.<br>1- | സ്കൂൾ പാർലമെന്റ്, SRG | |

| | | | | |
|---|---|---|---|---|
| | പാർലമെന്റ് രൂപീകരിക്കൽ അതിന്റെ നേതൃത്വത്തിൽ ഇടവേളകളിൽ മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ | തുലാവർഷം ഓണക്കാല സമ്മേളനം, ക്രിസ്തുമസ് സമ്മേളനം, വേനൽക്കാലം | | |
| **പഠന യാത്രകൾ** പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യ വസ്തുക്കൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യ ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ  തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠന യാത്രകൾ | 3 എണ്ണം | SRG | |
| **ബുള്ളറ്റിൻ ബോർഡ്** സാമൂഹിക ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും വിവരങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്യുക | എല്ലാ പ്രവർത്തി ദിവസ ങ്ങളിലും | SS ക്ലബ്ബ് | |
| **ദിനാചരണങ്ങൾ** കുട്ടികളുടെ വിവിധ ശേഷികളുടെ വിശകലനം | സാമൂഹിക ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനങ്ങളിൽ നടത്തേണ്ട പ്രവർത്തനങ്ങൾ എ സ്.ആ ർ.ജി യിൽ രൂപപ്പെടുത്തുകയും നിശ്ചിത ദിവസങ്ങളിൽ നടത്തുകയും ചെയ്യുന്നു | ആവശ്യാനുസരണം | എ സ്.ആ ർ.ജി, SS ക്ലബ്ബ് | |

| | | | | |
|---|---|---|---|---|

**അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26**

**വിഷയം : ഉർദു (HS)**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം/ ഭൗതികം |
|---|---|---|---|---|
| ഭാഷ കേൾക്കൽ ആസ്വദിക്കൽ | ഡിജിറ്റൽ ലൈബ്രറി യുടെ സഹായത്തോടെ കഥ, കവിത, ഗസൽ, സംഭാഷണം, ക്ലിപ്പുകൾ കേൾപ്പിക്കൽ | 2 മാസത്തിൽ ഒരു തവണ | | സബ് ജക്ട് കൗൺസി ൽ ആവശ്യമി ല്ല |
| വായന | വായന മത്സരം സംഘടിപ്പിക്കൽ, ബാലമാസികകൾ, വായന കാർഡുകൾ തുടങ്ങിയവ ലഭ്യമാക്കൽ | 1 വർഷം | സബ് ജക്ട് കൗൺസി ൽ | 1000 രൂപ |
| ഭംഗിയുള്ള എഴുത്ത് | ഉറുദുവിൽ ഭംഗിയുള്ളതും മികച്ചതുമായ എഴുത്ത് എന്ന ലക്ഷ്യപൂർത്തീകരണ ത്തിന് വേണ്ടി എല്ലാ ദിവസവും നോക്കി എഴുത്ത് പരിശീലനം, വായനാകാർഡ് നിർമ്മാണം, കയ്യെഴുത്ത് മാസിക നിർമ്മാണം | 1 വർഷം | സബ്ജെക്ട് കൗൺസി ൽ | ആവശ്യമി ല്ല |
| ഉറുദു പൊതു | ഉറുദുവിലുള്ളതും | 6 മാസം | സബ്ജെക്ട് | ആവശ്യമി |

| | | | | |
|---|---|---|---|---|
| വിജ്ഞാനം വർദ്ധിപ്പിക്കൽ | പൊതുവായതുമായ പൊതു വിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിനു വേണ്ടി ഉർദു ഗ്രൂപ്പിലൂടെ ആഴ്ചയിൽ ചോദ്യങ്ങളും ഉത്തരങ്ങളും നൽകൽ ഇതിലെ ചോദ്യങ്ങൾ ഉൾപ്പെടുത്തി ക്വിസ് മത്സരം സംഘടിപ്പിക്കൽ | | കൗൺസിൽ | ല്ല |
| കുട്ടികളുടെ രചനാപരമായ കഴിവുകൾ വികസിപ്പിക്കുക | കഥ, കവിത, ഉപന്യാസം, മത്സരങ്ങൾ സംഘടിപ്പിക്കൽ | വിവിധ ദിനാചരണങ്ങളിൽ | സബ്ജെക്ട് കൗൺസിൽ | ആവശ്യമില്ല |

**അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26**

**വിഷയം : ഫിസിക്കൽ സയൻസ് (HS)**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം/ ഭൗതികം |
|---|---|---|---|---|
| ശാസ്ത്ര ലാബ് സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിങ്ങനെ ഇനം തിരിച്ചു ക്രമീകരിക്കൽ | ജൂൺ | സയൻസ് ക്ലബ് | |
| ശാസ്ത്രീയ മനോഭാവം വികസിപ്പിക്കൽ | നിത്യജീവിതത്തിൽ ശാസ്ത്രത്തിന്റെ അനിവാര്യത, ശാസ്ത്രം ജനനൻമക്ക് എന്നീ വ്യത്യസ്ത വിഷയങ്ങളെ അധികരിച്ച് വിദഗ്ധരുടെ ക്ലാസുകൾ ലഭ്യമാക്കുന്നു | ജൂലൈ | സയൻസ് ക്ലബ് | |
| പ്രതിഭകൾക്ക് വിദഗ്ധ പരിശീലനവും ക്ലാസ്സുകളും നൽകൽ | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലനക്ലാസുകൾ | രാവിലെയും വൈകുന്നേരവും വെള്ളി ഉച്ചസമയം | സയൻസ് അധ്യാപകർ | |
| ശാസ്ത്രപഠനം രസകരമാക്കാ | കുസാറ്റിലെ ശാസ്ത്ര സാമൂഹ്യ കേന്ദ്രം, | പ്രതിവർഷം 3 യാത്രകൾ | സയൻസ് ക്ലബ് | |

| | | | | |
|---|---|---|---|---|
| ൻ ഉതകുന്ന യാത്രകൾ | കോഴിക്കോട് പ്ലാനിട്ടോറിയം,ISRO റോക്കറ്റ് വിക്ഷേപണ കേന്ദ്രം തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിക്കൽ | | | |
| ശാസ്ത്രമേളകൾ ശാസ്ത്ര പ്രവർത്തനാധിഷ്ഠിതമാണ് എന്ന് മനസ്സിലാക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ | സ്കൂൾ തല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഓരോ പ്രാവശ്യം | സയൻസ് ക്ലബ് | |
| ദിനാചരണങ്ങൾ ശാസ്ത്രവുമായി ബന്ധപ്പെട്ട പ്രത്യേക ദിനങ്ങൾ ആചരിക്കൽ | ചന്ദ്ര ദിനം ( ജൂലൈ 21, നവംബർ 10) അന്താരാഷ്ട്ര ശാസ്ത്ര ദിനം, ഊർജ്ജ സംരക്ഷണ ദിനം (ഡിസംബർ 14) ദേശീയ ശാസ്ത്ര ദിനം (ഫെബ്രുവരി 28) തുടങ്ങിയ ദിനങ്ങൾ അവയുടെ ആചരണ ലക്ഷ്യങ്ങൾ കുട്ടികളിലേക്ക് എത്തിക്കാനുതകുന്ന പ്രവർത്തനങ്ങൾ നടത്തൽ | പ്രത്യേക ദിവസങ്ങളിൽ | സയൻസ് ക്ലബ് | |

**അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26**

**വിഷയം : ബയോളജി (H S)**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **നിർവഹണ ചുമതല** | **സാമ്പത്തികം/ ഭൗതികം** |
|---|---|---|---|---|
| **1.പരിസ്ഥിതി വിദ്യാഭ്യാസം** പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം മനസിലാക്കുക | തൈ നടൽ തുണി സഞ്ചി നിർമ്മാണം | ജൂൺ 5 മുതൽ ഫെബ്രുവരി 28 വരെ | ഹരിതസേന സീഡ് ക്ലബ് അധ്യാപകർ, ക്ലബ് അംഗങ്ങൾ, ബയോളജി അധ്യാപകർ | ആവശ്യമില്ല |
| **2.പരിസ്ഥിതി വിദ്യാഭ്യാസം** സ്കൂൾ പരിസരം സൗന്ദര്യ വൽകരിക്കുക | പാതയോര സൗന്ദര്യ വൽക്കരണം | ജൂൺ മുതൽ ഫെബ്രുവരി വരെ | സ്കൂളിലെ മുഴുവൻ കുട്ടികളും | ആവശ്യമില്ല |
| **3. പരിസ്ഥിതി പഠനം** എട്ടാം ക്ലാസിലെ പാഠഭാഗവുമായി ബന്ധപ്പെടുത്തി ഇൻസിറ്റു കൺസർവേഷൻ കുട്ടികൾ മനസിലാക്കുക | കാവ് സന്ദർശനം | ജൂലൈ ഓഗസ്റ്റ് മാസങ്ങളിൽ | ബയോളജി അധ്യാപകർ | ആവശ്യമില്ല |
| **4. ആരോഗ്യ കായിക വിദ്യാഭ്യാസം** കുട്ടികളുടെ കായിക | യോഗ ക്ലാസ്സ് | ജൂൺ 21 മുതൽ ഓഗസ്റ്റ് വരെ | ബയോളജി അധ്യാപകർ, വിദ്യാലയ വികസന | ആവശ്യമില്ല |

| | | | | |
|---|---|---|---|---|
| ശേഷി വർധിപ്പിക്കുക, ആരോഗ്യം സംരക്ഷിക്കുക | | | സമിതി. | |
| **5. പരിസ്ഥിതി സംരക്ഷണം** പരിസ്ഥിതി ക്ലബ് വനവൽ കരണത്തിന്റെ പ്രാധാന്യം തിരിച്ചറിയുക | നക്ഷത്ര വനത്തിൽ നശിച്ചുപോയ ചെടികൾക്ക് പകരം പുതിയവ നടൽ | ജൂലൈ 1 മുതൽ 31 വരെ | | ആവശ്യ മില്ല |
| **6. കൃഷി പഠനം** കൃഷിയുടെ പ്രാധാന്യം തിരിച്ചറിയുക | കർഷകനെ ആദരിക്കൽ | ഓഗസ്റ്റ് 17 ( ചിങ്ങം 1) | പരിസ്ഥിതി ക്ലബ് ,ക്ലബ് അംഗങ്ങൾ | ആവശ്യ മില്ല |
| **7. പരിസ്ഥിതി സംരക്ഷണം** ഓസോൺ പാളിയുടെ പ്രാധാന്യം തിരിച്ചറിയുക | റാലി ,ബോധ വത്കരണം | സെപ്റ്റംബർ 16 ഓസോൺ ദിനം (18-31) | സയൻസ് ക്ലബ് | ആവശ്യ മില്ല |
| **8. ആരോഗ്യം** രക്തദാനത്തിന്റെ മഹത്ത്വം തിരിച്ചറിയുക | ബോധവത്ക രണ ക്ലാസ്സ് | ഒക്ടോബർ 1-7 | ബയോളജി അധ്യാപകർ | ആവശ്യ മില്ല |
| **9.പരിസ്ഥിതി പഠനം** രക്തദാനത്തിന്റെ മഹത്ത്വം തിരിച്ചറിയുക | കേരളത്തിന്റെ വന്യ ജീവി സങ്കേതങ്ങൾ-വീഡിയോ പ്രദർശനം ,വംശനാശഭീഷണി നേരിടുന്ന ജീവികൾ, വിവര ശേഖരണം | ഒക്ടോബർ 1-7 | ബയോളജി അധ്യാപകർ | ആവശ്യ മില്ല |

| | | | | |
|---|---|---|---|---|
| **10. ആരോഗ്യ സംരക്ഷണം** ക്ലാസ്സ് തലത്തിൽ പോഷകാഹാരത്തിന്റെ പ്രാധാന്യം മനസിലാക്കുക | ഭക്ഷ്യമേള | ഒക്ടോബർ 16 | ക്ലബ്ബുകൾ | ആവശ്യമില്ല |
| **11. ആരോഗ്യ സംരക്ഷണം** പ്രമേഹ രോഗം വരാതിരിക്കാനുള്ള മുൻകരുതലുകൾ | സർവേ (പ്രമേഹ രോഗികളുടെ എണ്ണം) | നവംബർ 14-30 | പത്താം ക്ലാസ്സിലെ കുട്ടികൾ | |
| **12.ആരോഗ്യ സംരക്ഷണം** (ഡിസംബർ 1 ) എയ്ഡ്സ് രോഗികളോട് അനുകൂലമനോഭാവം ഉണ്ടാക്കുക | റെഡ് റിബൺ ധരിച്ച് റാലി, ബോധവത്ക്കരണം | ബയോളജി അധ്യാപകർ | | |
| **13. ശാസ്ത്ര ബോധം വളർത്തുക** ശാസ്ത്രപഠനത്തോട് താല്പര്യം വളർത്തുക | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പ്രദർശനം | ഫെബ്രുവരി 28 | സയൻസ് ക്ലബ് | |

**അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26**

**വിഷയം : ഗണിത ശാസ്ത്രം HS**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം/ ഭൗതികം |
|---|---|---|---|---|
| 1)<br>8,9,10 ക്ലാസ്സുകളിൽ അടിസ്ഥാന ഗണിത ക്രിയകൾ പരിചയപ്പെടുത്തൽ | ചതുഷ് ക്രിയകൾ നൽകുന്നു. ഗുണന പട്ടിക ഓർമിപ്പിക്കുന്നു | | | |
| 2)<br>സംഖ്യകളുടെ ഉത്ഭവത്തെക്കുറിച്ചും ചില സംഖ്യക്കൂട്ടങ്ങളെ കുറിച്ചും പരിചയപ്പെടുത്തുന്നു | കഥകളിലൂടെ സംഖ്യകളുടെ ഉത്ഭവത്തെ കുറിച്ച് പറയുന്നു.വിവിധ കൂട്ടം സംഖ്യകൾ കൊടുത്ത് പ്രത്യേകതകൾ കണ്ടെത്താൻ പറയുന്നു. | ജൂൺ | ഗണിതാധ്യാപകർ | |
| 3)<br>ഗണിതപ്രശ്നങ്ങളുടെ പരിഹാരങ്ങളെ മനക്കണക്കിലൂടെ പരിശീലിപ്പിക്കുകയും അതിൽ നിന്ന് ബീജഗണിതത്തിലേക്ക് എത്തുകയും ചെയ്യുന്നു | ചെറിയ പ്രശ്നങ്ങൾ കൊടുത്ത് മനക്കണക്കിലൂടെ പരിഹാരം കണ്ടെത്താൻ പ്രേരിപ്പിക്കുന്നു. | | | |

| | | | | |
|---|---|---|---|---|
| **4)**<br>ചുറ്റും കാണുന്ന നിർമ്മിതികളിൽ നിന്നും ജ്യാമീതീയ രൂപങ്ങളിലേക്കും തുടർന്ന് ത്രികോണങ്ങളിലേക്കും അതിൽ നിന്ന് വിവിധ ത്രികോണങ്ങളിലേക്ക് എത്തി ചേരുകയും ചെയ്യുന്നു | പേപ്പർ കട്ടിങ്സ് ലൂടെ വിവിധ തരം ത്രികോണങ്ങൾ പരിചയപ്പെടുത്തുന്നു | ജൂലൈ | ഗണിതാ ധ്യാപകർ | |
| **5)**<br>ചെയ്ത പ്രവർത്തനങ്ങളിൽ നിന്നും കുട്ടികളെ വിലയിരുത്താൻ വർക്ക് ഷീറ്റ് നൽകുന്നു | | | | |
| **6)**<br>ഗണിതത്തെ കൂടുതൽ രസകരമാക്കാൻ ഐ ടി സാധ്യതകൾ ഉപയോഗിക്കുന്നു | തുല്യ ത്രികോണങ്ങൾ, വൃത്തങ്ങൾ എന്നിവയിൽ ഐ ടി സാധ്യത പ്രയോജനപ്പെടുത്തുന്നു | | | |
| **7)**<br>നിത്യജീവിതത്തിൽ ഗണിതത്തിനുള്ള പങ്ക് കുട്ടികളെ ബോധ്യപ്പെടുത്തുന്നു | | ഓഗസ്റ്റ് മുതൽ ഒക്ടോബർ വരെ | ഗണിത അധ്യാപകർ | |
| **8)**<br>പുതിയ സംഖ്യകൾ കുട്ടികളിലേക്ക് എത്തിക്കുന്നു | സമചതുരത്തിന്റെ വശങ്ങളിൽ നിന്നും വികർണ്ണത്തിന്റെ നീളം കണ്ടെത്തുന്നു | | | |

| | | | | |
|---|---|---|---|---|
| | | | | |
| **9)**സമാന്തര വരകൾ ഉപയോഗിച്ച് കൊണ്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നു | | | | |
| **10)** സ്റ്റാറ്റിസ്റ്റിക്സ് മേഖലയിൽ ഗണിതത്തിന്റെ സാധ്യത ബോധ്യപ്പെടുത്തുന്നു | മഴയുടെ അളവും ജനസംഖ്യാ നിരക്കും പണ പെരുപ്പവും പത്രങ്ങളിൽ വരുന്നത് കാണിച്ച് കൊണ്ട് പ്രവർത്തനങ്ങളിലേക്ക് എത്തിച്ചേരുന്നു | നവംബർ മുതൽ ഫെബ്രുവരി വരെ | ഗണിത അധ്യാപകർ | |
| **11)** ബാങ്കിംഗ് മേഖലയിലെയും ഗണിതസാധ്യത പരിചയപെടുത്തുന്നു | | | | |
| **12)** ജൂൺ മുതൽ ഫെബ്രുവരി വരെയുള്ള ഗണിത ദിനങ്ങൾ ആചരിക്കുന്നു | ഗണിത ക്ലബ്ബ് വഴി ക്വിസ്സ് മത്സരങ്ങൾ, ചാർട്ട് പ്രദർശനവും വീഡിയോ ക്ലാസ്സുകളും നൽകുന്നു | | | |

**അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26**

വിഷയം : ആരോഗ്യ -കായിക മേഖല

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **നിർവഹണ ചുമതല** | **സാമ്പത്തികം/ ഭൗതികം** |
|---|---|---|---|---|
| കുട്ടികൾക്ക് കായിക ഇനങ്ങളിലുള്ള പ്രാവീണ്യം, നൈപുണ്യ വികസനം ഇതിലൂടെ സബ് ജില്ലാ, ജില്ലാ, സംസ്ഥാന മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കാനുള്ള അവസരം | വിവിധ കായിക ഇനങ്ങളിൽ കുട്ടികൾക്ക് ക്യാമ്പ് നൽകുന്നു. ഫുട്ബാൾ അത് ലറ്റിക്സ് മുതലായവ | ദീർഘ കാലം | കായിക അദ്ധ്യാപകൻ | പി.ടി.എ |
| ആരോഗ്യത്തെ കുറിച്ചുള്ള ബോധവൽക്കരണ ക്യാമ്പുകൾ, പി .എച്ച് .സി പോലുള്ളവരുടെ സഹായത്തോടു കൂടി രക്ഷിതാക്കളെ ഉൾപ്പെടുത്തണം | ഹെൽത്ത് ക്ലബ്ബ് ന്റെ രൂപീകരണം, മഴക്കാലരോഗങ്ങളെ കുറിച്ച് അറിവ് നൽകുക, ജീവിത ശൈലികളെ കുറിച്ചുള്ള അറിവ് | ജൂൺ ഓഗസ്റ്റ് | കായിക അദ്ധ്യാപകൻ | പി.ടി.എ |
| വായന, കായിക താരങ്ങളെ കുറിച്ചുള്ള അറിവ് പ്രചോദനം | ലൈബ്രറിയിൽ ജീവിത മേഖലയിൽ ഉയർന്ന വിജയങ്ങൾ കൈവരിച്ച കാ | ജൂൺ, ഓഗസ്റ്റ് | ലൈബ്രേറിയൻ, ഹെഡ് മാസ്റ്റർ | പി.ടി.എ |

| | | | | |
|---|---|---|---|---|
| | യികതാരങ്ങളുടെ പുസ്തകങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുക | | | |
| ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്നും കുട്ടികൾക്കും സമൂഹത്തിനും മുക്തി | ലഹരി പദാർത്ഥങ്ങളുടെ ദൂഷ്യ ഫലങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം, മദ്യപാനം, മയക്കുമരുന്ന് മുതലായവയുടെ ദൂഷ്യ ഫലങ്ങൾ | ജൂൺ ജനവരി | ഹെൽത്ത് ഇൻസ് പെക്ടർ, കായിക അധ്യാപകൻ, ഡോക്ടർ | പി.ടി.എ |
| കായിക ക്ഷമത കൈവരിക്കുക, കുട്ടികളിൽ ആത്മവിശ്വാസം വളർത്തുക, മാനസിക പിരിമുറുക്കം, വിശ്രമം ഇവ കൈവരിക്കൽ | പെൺകുട്ടികൾക്ക് കരാട്ടെ, സ്വയം രക്ഷ സംബന്ധിച്ച് പരിശീലനം നൽകൽ, യോഗപരിശീലനം | സെപ്റ്റംബർ, ഫെബ്രുവരി | കായിക അദ്ധ്യാപകൻ | പി.ടി.എ |
| കളിപരിചയം, മത്സര പരിചയം സൃഷ്ടിക്കുക, സംഘാടന മികവ് വളർത്തുക | ശനിയാഴ്ചകളിൽ സൗഹൃദ മത്സരങ്ങൾ സംഘടിപ്പിക്കുക | ഓഗസ്റ്റ്, ഫെബ്രുവരി | കായിക വിഭാഗം | പി.ടി.എ |
| കുട്ടികളുടെ കുറവ് മനസ്സിലാക്കി പരിശീലനം നൽകൽ, പൊതുജനങ്ങൾക്ക് ഉപയോഗിക്കാനുള്ള അവസരം | ബാഡ് മിന്റൺ കോർട്ട് നിർമ്മാണം, ലോങ്ങ്ജമ്പ് പിറ്റ് നിർമ്മാണം, ഖോ- ഖോ കോർട്ട് നിർമ്മാണം | 6-8 മാസം | കായിക വിഭാഗം | പി.ടി.എ |

| | | | | |
|---|---|---|---|---|
| | | | | |
| ശരീരത്തിന്റെ അവസ്ഥയെ മനസ്സിലാക്കാൻ ശ്രമിക്കുന്നു. ശരീരഭാരം, പൊക്കം ഇവയിലൂടെ കുട്ടികൾക്ക് ഭാര കുറവും കൂടുതലും ശരീരത്തിന്റെ ശരിയായ ബി.എം. ഐ കണ്ടെത്താനും സഹായിക്കുന്നു. | ഓരോ കുട്ടിക്കും ഹെൽത്ത് കാർഡ് ഉണ്ടാക്കുക | ജൂൺ ഓഗസ്റ്റ് | ക്ലാസ്സ് ടീച്ചർ, കായിക വിഭാഗം | പി.ടി.എ |
| വിദ്യാർത്ഥികളിൽ ആരോഗ്യബോധം | 1. മാസത്തിലൊരിക്കൽ പെൺകുട്ടികൾക്ക് മുപ്പത് മിനിറ്റു പാഡ് സംസ്കരണ അവബോധ ക്ലാസ് നൽകുക.<br>2. ടോയ്‌ലെറ്റിന്റെ പുറത്തു ഒരു ഇൻസിനേറ്റർ സ്ഥാപിക്കുക.<br>3. മുഴുവൻ കുട്ടികൾക്കും മിഠായിപ്പൊതി സൂക്ഷിക്കാൻ കോട്ടൺ സഞ്ചി നൽകുക.<br>4. SPC , JRC , സ്കൗട്ട് ആൻഡ് ഗൈഡ് കുട്ടികൾക്ക് മാലിന്യ സംസ്കരണ അവബോധ ക്ലാസ് നൽകുക.<br>5. സ്കൂളിലെ നിർമാണ പ്രവർത്തനങ്ങളെ തുടർന്നുണ്ടാവുന്ന | ഒരു വർഷം<br>ഒരു വർഷം<br>ഒരു വർഷം<br>ഒരു വർഷം<br>ഒരു വർഷം | ക്ലാസ്സ് ടീച്ചർ, കായിക വിഭാഗം | പി.ടി.എ |

| | | | | |
|---|---|---|---|---|
| | വേസ്റ്റ് അതാത് കോൺട്രാക്ടർമാർ സമയബന്ധിതമായി സംസ്കരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.<br>6. ശാസ്ത്ര വിഷയങ്ങളുമായി ബന്ധപ്പെട്ട സാധന സാമഗ്രികളും അതിന്റെ മാലിന്യവും കൃത്യമായി സംസ്കരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.<br>7. പാചകപ്പുരയിൽ വാങ്ങുന്ന സാധനങ്ങളുടെ പ്ലാസ്റ്റിക് കവറുകൾ കൃത്യമായി കൈകാര്യം ചെയ്യാൻ ശ്രദ്ധിക്കുക.<br>8. വിശേഷ ദിവസങ്ങളിൽ ( Birthday/ Christmas/ Onam) ഉണ്ടാവുന്ന പ്രത്യേക വേസ്റ്റ് ക്ലാസ്സ് ടീച്ചർമാരുടെ ഉത്തരവാദിത്വത്തിൽ കൈകാര്യം ചെയ്യുക. | ഒരു വർഷം<br>ഒരു വർഷം<br>ഒരു വർഷം | | |

# അക്കാദമിക കലണ്ടർ

**ജൂൺ**

- ലോക പരിസ്ഥിതി ദിനം

- ഉള്ളൂർ ദിനം
- വായനാദിനം
- പി എൻ പണിക്കർ ചരമദിനം
- ലോക മയക്കുമരുന്ന് വിരുദ്ധ ദിനം

## ജൂലൈ

- ബഷീർ ചരമ ദിനം
- ലോക ജനസംഖ്യ ദിനം
- മുണ്ടശ്ശേരി ജന്മദിനം
- ചാന്ദ്ര ദിനം, ശാസ്ത്ര ദിനം

## ഓഗസ്റ്റ്

- ഹിരോഷിമ ദിനം
- ടാഗോർ ചരമ ദിനം
- നാഗസാക്കി ദിനം
- സ്വാതന്ത്ര്യ ദിനം
- ദേശീയ കായിക ദിനം

## സെപ്റ്റംബർ

- കലാ-കായിക-ശാസ്ത്ര-പ്രവർത്തി പരിചയ മേളകൾ
- ഓസോൺ ദിനം - ബോധവൽക്കരണ പരിപാടി
- അധ്യാപക ദിനം - അധ്യാപകരെ ആദരിക്കൽ
- ഹിന്ദി ദിവസ് - ഭാഷാ സെമിനാർ, വിവിധ മത്സരങ്ങൾ
- സംസ്കൃത ദിനം - ഷോർട്ട് ഫിലിം പ്രദർശനം

## ഒക്ടോബർ

- ഗാന്ധിജയന്തി - സേവനവാരാഘോഷം
- സെമിനാർ - ഗാന്ധിയൻ ആദർശങ്ങളുടെ കാലിക പ്രസക്തി സെമിനാർ
- എസ്. പി. സി., ജെ. ആർ. സി, ഹരിതസേന ഇവയുടെ ആഭിമുഖ്യത്തിൽ ഭക്ഷ്യ മേള

- ഐക്യ രാഷ്ട്ര ദിനം - സംവാദം
- ആരോഗ്യ ബോധവൽക്കരണ ക്ലാസ്സ് പഠനയാത്ര - ISRO, CUSAT
- വന്യ ജീവി വാരാഘോഷം - വീഡിയോ പ്രദർശനം, വിവരശേഖരണം
- സംസ്കൃത സഭ
- സംസ്കൃത ചലച്ചിത്ര പ്രദർശനം
- കയ്യെഴുത്ത് മാസിക പ്രകാശനം

## നവംബർ

- കേരള പിറവി - ചിത്ര പ്രദക്ഷിണം, സാഹിത്യ സമാജം, സാംസ്കാരിക ഘോഷയാത്ര
- ഉർദു ദിനം
- ദേശീയ വിദ്യാഭ്യാസനയം - മലയാള ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സെമിനാർ, സിംബോസിയം

## ഡിസംബർ

- ലോക എയ്ഡ്സ് ദിനം - റെഡ് റിബൺ ധരിച്ച് റാലി, ബോധവൽക്കരണ ക്ലാസ്സ്
- ഭിന്നശേഷി ദിനം - ഭവന സന്ദർശനം വിവിധ കലാപരിപാടികൾ
- മനുഷ്യാവകാശ ദിനം
- നാടക ശിൽപ ശാല
- യോഗ പരിശീലനം
- സംസ്കൃത സംഭാഷണ പരിശീലന ക്യാമ്പ്
- അറബി ദിനം

## ജനുവരി

- റിപ്പബ്ലിക് ദിനം
- രക്ത സാക്ഷി ദിനം
- ഫിലിം ഫെസ്റ്റിവൽ

## ഫെബ്രുവരി

- ദേശീയ ശാസ്ത്ര ദിനം - ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പ്രദർശനം
- ഫീൽഡ് ട്രിപ്പ്
- ലബോറട്ടറി സന്ദർശനം
- ശാസ്ത്ര പരീക്ഷണങ്ങൾ അവതരിപ്പിക്കൽ

# ഉപസംഹാരം

പട്ടിക്കാട് ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാ ബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോൻമുഖമായ വികസനമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത് പഠനപ്രവർത്തനങ്ങൾക്ക് അനുബന്ധമായ ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെ ആണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്